"ഭരണ ഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ. DT/5236/2024-A7

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ
4th & 5th ഫ്ലോർ,
വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം-33
തീയതി: 10-12-2024

ചുറ്ററിയിപ്പ്

വിഷയം :- വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ്-ജീവനക്കാര്യം – ഐ.ടി.ഐകളിൽ ട്രേഡ് പഠിക്കുന്നതിന് ശൂന്യവേതനാവധി അനുവദിക്കുന്നത് - സംബന്ധിച്ച്.

വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും വിവിധ ഐ.ടി.ഐകളിൽ ചേർന്ന് പഠിക്കുന്നതിന് ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അപേക്ഷകൾ അയയ്ക്കുമ്പോൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിച്ച് എന്നുറപ്പ് വരുത്തിക്കൊണ്ട് അപേക്ഷകൾ അയയ്ക്കുന്നതിന് സ്ഥാപന മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. കോഴ്സ് പഠിക്കുന്നതിന് എൻ.ഒ.സി അനുവദിക്കുന്നതിനായുള്ള അപേക്ഷകൾ കോഴ്സ് ആരംഭിക്കുന്നതിന് രണ്ടു മാസം മുമ്പായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ടിയാൾ അവധിയിൽ പ്രവേശിക്കുന്നത് മൂലം സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കില്ലായെന്ന് പ്രിൻസിപ്പാൾ ഉറപ്പ് വരുത്തേണ്ടതും ആയത് എൻ.ഒ.സി അനുവദിക്കുന്നതിനായുള്ള ശുപാർശ കത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്. പഠിക്കാനുദ്ദേശിക്കുന്ന സ്ഥാപനം, ട്രേഡ് എന്നിവ വ്യക്തമാക്കേണ്ടതാണ്.
2. അവധി അപേക്ഷ പൂർണ്ണമായി പൂരിപ്പിക്കേണ്ടതും, അപേക്ഷയിലും ആയതിനൊപ്പമുള്ള ഡിക്ലറേഷനുകളിലും സ്ഥാപനമേധാവി മേലൊപ്പ് ചാർത്തി ശിപാർശ സഹിതം അയയ്ക്കേണ്ടതാണ്. (സേവനപുസ്തകം ലഭ്യമാക്കേണ്ടതില്ല).
3. പഠനാവധിയിൽ പോകുന്നതിനു മുൻപ് വ്യക്തമായ പൂരിപ്പിച്ച അപേക്ഷയും മറ്റ് അനുബന്ധ രേഖകളും അവധി അനുവദിക്കുന്നതിനായി ലഭ്യമാക്കേണ്ടതാണ്.
4. സർവീസ് സംബന്ധമായ വിവരങ്ങളുടെ (പ്രൊബേഷൻ ഡിക്ലയർ ചെയ്ത വിവരങ്ങൾ ഉൾപ്പടെ ) സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അനുബന്ധ

രേഖകളുടെ ഒപ്പം സമർപ്പിക്കേണ്ടതാണ്.

5. ഇതോടൊപ്പം ഉൾച്ചേർത്തിട്ടുള്ള ഫോർമാറ്റിൽ തയ്യാറാക്കിയ കോഴ്സ് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
6. കോഴ്സ് സർട്ടിഫിക്കറ്റിലെ കോഴ്സ് കാലയളവിലേയ്ക്കാണ് സർക്കാർ അവധി അനുവദിക്കുന്നത്. ആയതിനാൽ അപേക്ഷയോടൊപ്പമുള്ള കോഴ്സ് സർട്ടിഫിക്കറ്റിൽ കോഴ്സ് കാലയളവ് (ദിവസം, മാസം, വർഷം എന്നിവ അടക്കം) വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം അപേക്ഷ നിരസിക്കുന്നതായിരിക്കും.
7. അപേക്ഷയോടൊപ്പം ചുവടെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്

a. Form No. 13 ലുള്ള അവധി അപേക്ഷ (കോഴ്സ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ തീയതി തന്നെയാണ് അവധിക്കായി രേഖപ്പെടുത്തേണ്ടത്. കോഴ്സ് സർട്ടിഫിക്കറ്റിലെ തീയതി കഴിഞ്ഞാണ് വിടുതൽ ചെയ്യുന്നതെങ്കിൽ വൈകി വിടുതൽ ചെയ്യതിന്റെ കാരണം കൂടി ശുപാർശ കത്തിൽ ഉൾപ്പെടുത്തേണ്ടതാണ്)

b. പ്രഫോർമ & ഡിക്ലറേഷൻ

c. കോഴ്സ് സർട്ടിഫിക്കറ്റ്

d. വകുപ്പില് നിന്നും നല്കിയ NOC യുടെ പകർപ്പ്

e. സേവനത്തിൽ നിന്നും വിടുതൽ ചെയ്തു കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ്

## Course Certificate

This is to certify that Sri/Smt.................................... (Name) ..............................(Designation) of ITI .................................. has applied and got admitted for the........ year in ...................Trade in .............................................................................. (Name of institution).................................. Duration of course from............. to .................. (Specify month, year and date).

Signature

Designation

സ്വീകർത്താവ്:- എല്ലാ സ്ഥാപനമേധാവികൾക്കും

ട്രെയിനിംഗ് ഡയറക്ടർ

DIRECTOR OF TRAINING